ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പിലെ കേഡർ തസ്തികയുടെ അനുബന്ധമായി കണക്കാക്കിയിരുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറിന്റെ തസ്തിക നിർത്തലാക്കിയിട്ടുണ്ട്.

(ബി) ഗ്രന്ഥശാലാസംഘത്തിൽ അനുയോജ്യമായ ആളുകൾ ഇല്ലാതിരുന്ന സന്ദർഭത്തിലാണ് വിദ്യാഭ്യാസ വകുപ്പിലെ കേഡർ തസ്തികയുടെ അനുബന്ധ തസ്തികയായി കണക്കാക്കി നിയമനം നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ ഗ്രന്ഥശാലാസംഘത്തിൽ യോഗ്യതയുള്ള ആളുകൾ ഉള്ളതിനാൽ ഈ നിയമനം അവർക്ക് അവകാശപ്പെട്ടതാണെന്ന് ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടു.

(സി) ഗ്രന്ഥശാലാസംഘത്തിലെ ഒരു സീനിയർ സൂപ്രണ്ടിനെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറായി നിയമിച്ചിട്ടുണ്ട്.

(ഡി) സംഘത്തിൽ ഇപ്പോൾ നിയമിച്ച അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറിനു മുൻപ് ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ നിർവ്വഹിച്ച എല്ലാ ജോലികളും നിർവ്വഹിക്കാവുന്നതാണ്. ഏതെങ്കിലും കാര്യത്തിൽ സാങ്കേതിക തടസ്സം ഉണ്ടായാൽ അത് പരിഹരിക്കാവുന്നതേയുള്ളു.

യൂണിവേഴ്സിറ്റികൾ ശുപാർശചെയ്ത കോഴ്സുകൾ

1857 [2897] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

യൂണിവേഴ്സിറ്റികൾ ശുപാർശചെയ്തിട്ടുള്ള കോഴ്സുകൾ അതാതു കോളേജുകളിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതിയ കോഴ്സുകൾ തുടങ്ങുന്നതിനെപ്പറ്റി ഒരന്തിമതീരുമാനമായിട്ടില്ല.

സ്വകാര്യ ബേസിക് ട്രെയിനിംഗ് സ്കൂളുകളിൽ ടി. ടി. സി. അഡ്മിഷനുള്ള ക്രമക്കേടുകൾ

1858 [2898] ശ്രീ. കെ. മുസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിനു വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ബേസിക് ട്രെയിനിംഗ് സ്കൂളുകളിൽ ടി.ടി.സി.-ക്ക് അഡ്മിഷൻ നൽകുന്നതിനു നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് 1986 ഒക്ടോബർ 30-വരെ വിദ്യാഭ്യാസ വകുപ്പിനു ഏത്ര പരാതികൾ ലഭിച്ചു;

(ബി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ക്രമക്കേടു നടത്തിയ ഏതെങ്കിലും മാനേജുമെൻറിന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly